**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 265** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഫെയർവാല്യു നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ദെലീമ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യു നിർണ്ണയം നടത്തിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ; | (എ) | 2010 എപ്രിൽ 1 ന് ഫെയർ വാല്യു നിലവിൽ വന്നതിനു ശേഷം പുനർനിർണ്ണയം നടത്തിയിട്ടില്ല. എന്നാൽ, 2014, 2018, 2019, 2020, 2022, 2023 എന്നീ വർഷങ്ങളിലായി 6 തവണ ഫെയർവാല്യു വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | കമ്പോള വിലയെക്കാൾ വളരെ താഴ്ന്ന നിരക്കിലാണ് നിലവിൽ ഫെയർ വാല്യു നിർണ്ണയിച്ചിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പോള വിലയേക്കാൾ വളരെ താഴ്ന്ന നിരക്കിലാണ് നിലവിൽ ഫെയർവാല്യു നിർണ്ണയിച്ചിട്ടുള്ളതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 6 തവണകളിലായി ഫെയർവാല്യു വർദ്ധിപ്പിക്കുകയുണ്ടായി. |
| (സി) | ഭൂമിയുടെ ഫെയർ വാല്യൂ നിർണ്ണയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ? | (സി) | 1959 ലെ കേരള മുദ്രപത്രനിയമം വകുപ്പ് 28 A പ്രകാരം ആർ.ഡി.ഒ മാരാണ് ഫെയർവാല്യു നിർണ്ണയിക്കുന്നത്.<br><br>സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുവാൻ അനുമതി നൽകിയും അതിനായി സ്വീകരിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ചും പുറപ്പെടുവിച്ച 14.08.2018 ലെ സ.ഉ(കൈ) നം.302/2018/റ.വ നമ്പർ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് ഡയറക്ടർ എന്നിവർ ചേർന്ന് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത കമ്മിറ്റി ടി വിഷയം പരിശോധിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ